(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിനെതിരെയും തുടർന്നുള്ള സർക്കാർ ഉത്തരവുകൾക്കെതിരെയും പോബ്സ് എസ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ WP(C)-34072/14 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിലെ 17-12-2014-ലെ ഇടക്കാല ഉത്തരവിൽ തൽസ്ഥിതി തുടരുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നെങ്കിലും സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ തുടരുവാൻ ബഹു. ഹൈക്കോടതി 26-2-2015-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

അദ്ധ്യാപക ബാങ്ക് സംവിധാനം

20 (*110) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി നടപ്പാക്കിയ അദ്ധ്യാപക ബാങ്ക് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; അദ്ധ്യാപക ബാങ്ക് അസാധുവാക്കി കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സ്വകാര്യ സ്കൂൾ മാനേജ്മെന്റ് അനുകൂലമായി വിധി ഉണ്ടാകാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; കേസ് നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ; കാരണം വ്യക്തമാക്കാമോ ;

(സി) കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) നിയമനത്തിന് അംഗീകാരം ലഭിച്ചവർ ഉൾപ്പെടെ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ ഭാവി സംബന്ധിച്ച് നിലപാട് വിശദമാക്കാമോ ,

(ഇ) അദ്ധ്യാപക ബാങ്ക് സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി അദ്ധ്യാപക ബാങ്ക് രൂപീകരിച്ചു കൊണ്ട് 23-12-2014-ൽ സ.ഉ(പി)നമ്പർ 278/14/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 15-1-2015-ലെ 30107/13 എന്ന ഹൈക്കോടതി വിധി പ്രകാരം പാക്കേജ് ഉത്തരവുകളും അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) കോടതി വിധി ആയതിനാൽ ഇക്കാര്യത്തിൽ മറുപടി നൽകാൻ നിർവ്വാഹമില്ല.

(സി) അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിയമനത്തിന് അംഗീകാരം ലഭിച്ചവർ ഉൾപ്പെടെയുള്ള അദ്ധ്യാപകരുടെ ഭാവി കോടതിവിധിക്ക് അനുസൃതമായിരിക്കും.

(ഇ) അദ്ധ്യാപക ബാങ്ക് സംബന്ധിച്ച അവസാന ഉത്തരവ് ജി.ഒ.(പി) 278/14/പൊ.വി.വ. തീയതി 23-12-2014 ആണ്. പുതിയ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. അദ്ധ്യാപകസംഘടനകളുമായി ചർച്ച ചെയ്തിട്ടില്ല.

പൊളിമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ

21 (*111) ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന പോദ്യങ്ങൾക്ക് പൊളിമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊളിമരാമത്ത് വകുപ്പിൽ വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) വകുപ്പിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച് നിയമസഭാംഗങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെല്ലാം അംഗങ്ങളാണ് പരാതി നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ; പ്രസ്തുത പരാതികൾ അന്വേഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പൊളിമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന ടി. ഒ. സൂരജ് നടത്തിയതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധന നടത്തുന്നുണ്ടോ ; ഇതുസംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly